പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 806 — 01.12.2015 ൽ മറുപടിക്ക്

## <u>ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി സിസ്റ്റം</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി**<br>**ശ്രീ. എ.റ്റി.ജോർജ്**<br>**ശ്രീ. ടി.എൻ. പ്രതാപൻ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇലക്ട്രോണിക് സർവ്വീസ് ഡെലിവറി സിസ്റ്റത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) സർക്കാർ വകുപ്പുകളിൽ ഇലക്ട്രോണിക് സർവീസ് ഡെലിവറി സാധ്യമാക്കുവാൻ സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (ബി) വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകളിൽ നൽകുന്ന എല്ലാ സേവനങ്ങളും ഒരു പോർട്ടലിൽ കൂടി ലഭ്യമാക്കുക എന്ന ആശയം മുൻ നിർത്തിയാണ് സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ എന്ന പ്രോജക്ട് വികസിപ്പിച്ചെടുത്തത്. പൊതുവായ സേവന ലഭ്യതാ സംവിധാനത്തിലൂടെ ഇത് സാധ്യമാക്കുകയും കാര്യക്ഷമത, സുതാര്യത, വിശ്വസ്തത എന്നിവ ഉറപ്പുവരുത്തുകയും ചെയ്യും. സാധാരണക്കാരന് അവരുടെ ആവശ്യങ്ങൾ ചുരുങ്ങിയ ചെലവിൽ ഇത്തരം സേവനങ്ങളിൽ നിന്ന് ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാന - കേന്ദ്രഭരണ പ്രദേശങ്ങളിൽ മേൽപ്പറഞ്ഞ സംവിധാനം വികസിപ്പിക്കുന്നതിലൂടെ ഒരു സാധാരണ പൗരന് ആവശ്യമായ സേവനങ്ങളുടെ അപേക്ഷാ ഫോറങ്ങൾ ഡൗൺലോഡ് ചെയ്യുവാനും അപേക്ഷകൾ സമർപ്പിക്കാനുമുള്ള സൗകര്യം ഉണ്ടാകും. വിവിധ വകുപ്പുകളുടെ 57 സേവനങ്ങളാണ് എസ്.എസ്.ഡി.ജി.യിലൂടെ വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കേരള വാട്ടർ അതോറിറ്റി, റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ്, വി.എച്ച്.എസ്.ഇ എന്നീ മൂന്ന് വകുപ്പുകളുടെ ആറ് സേവനങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിയിരിക്കുന്നത്. 25 ഇ-ഡിസ്ട്രിക്ട് സേവനങ്ങളും ഇതുവഴി ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) സ്റ്റേറ്റ് സർവീസ് ഡെലിവറി ഗേറ്റ് വേ പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ഭരണ തലത്തിൽ ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള അപെക്സ് കമ്മിറ്റിയും സ്റ്റേറ്റ് പ്രോജക്ട് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ഐ.ടി മിഷനാണ് പ്രസ്തുത പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന നോഡൽ ഏജൻസി. |

സെക്ഷൻ ഓഫീസർ